പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2960 . 28.1.2014 -ൽ മറുപടിയ്ക്ക്

കോളേജുകളുടെ സ്വയംഭരണാവകാശം

ചോദ്യം

ശ്രീ.എ.എ.അസീസ്.
ശ്രീ.കോവൂർ കുഞ്ഞുമോൻ

സ്വയംഭരണാവകാശം ലഭ്യമാകുന്ന കോളേജുകളിൽ സംസ്ഥാന സർക്കാരുകൾക്ക് എന്തെങ്കിലും നിയന്ത്രണം ഉണ്ടായിരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

വിദ്യാർത്ഥി പ്രവേശനം നടത്തുമ്പോൾ നിലവിലുള്ള സംവരണ നയം പാലിക്കുമെന്നും വിദ്യാർത്ഥികളുടെ പ്രവേശനം സർക്കാരും സർവകലാശാലകളും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കുമെന്നും സ്വയംഭരണവകാശം നേടുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്. സ്വയംഭരണാവകാശം നേടുന്ന കോളേജിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സർക്കാരുമായി എയ്ഡഡ് കോളേജ് മാനേജ്മെന്റ് ഏർപ്പെട്ടിട്ടുള്ള കരാറിനു അനുസൃതമായി തുടരുന്നതായിരിക്കും. സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്ന കോഴ്സുകളിലെ ഫീസ് സർക്കാരിന്റെയും സർവകലാശാലയുടെയും അനുമതിയോട് കൂടി മാത്രമായിരിക്കും നിശ്ചയിക്കുക. കൂടാതെ, സ്വയംഭരണ അംഗീകാര സമിതിയ്ക്ക് സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനങ്ങളെ പരിശോധിച്ച് വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ സ്വയംഭരണ പദവി പിൻവലിക്കുന്നതിന് സർവകലാശാലയോട് നിർദ്ദേശിക്കുന്നതിനുമുള്ള വ്യവസ്ഥയും കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയംഭരണ കോളേജുകളിലെ സുപ്രധാന തീരുമാനങ്ങളെടുക്കുന്ന ഭരണസമിതിയിൽ സർവകലാശാല പ്രതിനിധി,യു.ജി.സി പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരും ഉണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ